അധ്യായം 107

## അല്‍മാഊന്‍ (പരോപകാര വസ്തുക്കള്‍)

അവതരണം മദീനയില്‍, വചനങ്ങള്‍ 7

---

**അധ്യായ പരിചയം:**

പ്രവാചകന്‍ മുഹമ്മദ്(സ)ന്‍െറ മക്കാജീവിതത്തിലാണ് ഈ അധ്യായം അവതരിച്ചതെന്നാണ് പ്രബലമായ അഭിപ്രായം. മദീനയില്‍ അവതരിച്ചതാണെന്ന അഭിപ്രായക്കാരും പണ്ഡിതന്മാരില്‍ ഉണ്ട്.

പരലോകവിശ്വാസം മനസ്സില്‍ അടിയുറക്കാതെ ഒരാളിലും വിശിഷ്ട സ്വഭാവഗുണങ്ങള്‍ ഉണ്ടാവുകയില്ലെന്നാണ് ഈ സൂക്തത്തിന്‍െറ ഉള്ളടക്കം.

ഒന്നും രണ്ടും മൂന്നും വചനങ്ങളില്‍ പരലോകവിശ്വാസമില്ലാത്തവരുടെ അവസ്ഥ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അതോടൊപ്പം വിശ്വാസികളുടെ കൂട്ടത്തില്‍ തന്നെയുണ്ടായിരുന്ന ചില ആളുകളുടെ വിശ്വാസത്തിന്‍െറ സത്യാവസ്ഥ തുറന്നു പ്രകടിപ്പിക്കാനും ഈ അധ്യായം ശ്രമിക്കുന്നുണ്ട്.

അശ്രദ്ധരായും ആളുകളെ കാണിക്കാന്‍ വേണ്ടിയും നമസ്കരിക്കുന്ന ആളുകള്‍ക്കാണ് സകല നാശവും എന്നത്രെ നാലാം വചനത്തില്‍ വ്യക്തമാക്കുന്നത്. അത്തരം അവസ്ഥയിലാണ് പ്രവാചകന്‍െറ കാലഘട്ടത്തില്‍ കപടവിശ്വാസികള്‍ ഉണ്ടായിരുന്നത്. അവരാകട്ടെ, പ്രവാചകന്‍െറ ദൗത്യം സത്യമാണെന്ന് മനസ്സിലാക്കുകയും പ്രത്യക്ഷത്തില്‍ അവരത് വിശ്വസിക്കുകയും ചെയ്തിരുന്നു. എന്നാല്‍ കാര്യലാഭങ്ങള്‍ക്കും സ്ഥാനമാനങ്ങള്‍ നഷ്ടപ്പെടാതിരിക്കാനും അവര്‍ വിശ്വാസത്തിനും അവിശ്വാസത്തിനുമിടയില്‍ ആടിക്കളിക്കുകയായിരുന്നു. അത്തരക്കാര്‍ ജനത്തെ കാണിക്കാന്‍ വേണ്ടി മടിയന്മാരായാണ് നമസ്കാരത്തിന് വന്നിരുന്നത്. മാത്രവുമല്ല, ജനങ്ങള്‍ക്കുള്ള പരോപകാരം പോലും അവര്‍ തങ്ങളുടെ കാര്യലാഭങ്ങള്‍ക്കുവേണ്ടി വിലക്കിയിരുന്നു. അക്കാര്യം പരാമര്‍ശിക്കുകയും അതിന്‍െറ പരിണതിയെന്താണെന്ന് സൂചിപ്പിക്കുകയുമാണ് ഈ അധ്യായം ചെയ്യുന്നത്.

**അര്‍ഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍െറ നാമത്തില്‍

അറഅയ്ത്ത — أَرَأَيْتَ

(പ്രവാചകരേ), നീ കണ്ടുവോ?

---

അല്ലദീ — الَّذِي

ഒരുവനെ

---

യുകദ്ദിബു — يُكَذِّبُ

കളവാക്കുന്ന

---

ബിദ്ദീന്‍ — بِالدِّينِ

മതത്തെ

---

ഫദാലികല്ലദീ — فَذَلِكَ الَّذِي

എന്നാല്‍ അവനാകട്ടെ

---

യദുഉ — يَدُعُّ

ആട്ടിക്കളയുന്നു

| | |
|---|---|
| അൽ യതീം | الْيَتِيمَ |
| അനാഥയെ | |
| വലാ യഹുദ്ദു | وَلَا يَحُضُّ |
| അവൻ പ്രേരിപ്പിക്കുന്നില്ല | |
| അലാ ത്വആമിൽ | عَلَى طَعَامِ |
| ഭക്ഷണത്തിൻെറ കാര്യത്തിൽ | |
| മിസ്കീൻ | الْمِسْكِينِ |
| അഗതിയുടെ | |
| ഫവയ്ലുൻ | فَوَيْلٌ |
| അതിനാൽ നാശം | |
| ലിൽ മുസ്വല്ലീൻ | لِّلْمُصَلِّينَ |
| നമസ്കാരക്കാർക്കാണ് | |
| അല്ലതീനഹും | الَّذِينَ هُمْ |
| അവരോ, | |
| അൻ സ്വലാതിഹിം | عَن صَلَاتِهِمْ |
| തങ്ങളുടെ നമസ്കാരത്തെപ്പറ്റി | |
| സാഹൂൻ | سَاهُونَ |
| അശ്രദ്ധരാണ് | |
| അല്ലദീനഹും | الَّذِينَ هُمْ |
| അവരാകട്ടെ | |
| യൂറാഊൻ | يُرَاؤُونَ |
| കാണിക്കാൻ ചെയ്യുകയാണവർ | |
| വയംനഊൻ | وَيَمْنَعُونَ |
| അവർ തടയുകയും ചെയ്യുന്നു | |
| അൽ മാഊൻ | الْمَاعُونَ |
| പരോപകാരം | |

## വിശദീകരണം

أَرَأَيْتَ الَّذِي يُكَذِّبُ بِالدِّينِ അറഅയ്തല്ലദീ യുകദ്ദിബു ബിദ്ദീൻ

**മതത്തെ കളവാക്കിയവനെ നീ കണ്ടുവോ?**

അദ്ദീൻ എന്ന വാക്കിന് മതം, പ്രതിഫലനാൾ എന്നിങ്ങനെ വ്യത്യസ്ത അർഥം പല പണ്ഡിതന്മാരും നല്കിയിട്ടുണ്ട്. മതം എന്ന അർഥമാണ് ഏറെക്കുറെ നന്നായി തോന്നുന്നത്. രണ്ടായാലും ഗഹനമായ ഒരു പൊതു തത്വത്തിലേക്കാണ് അത് വിരൽചൂണ്ടുന്നത്.

നന്മയെ സ്നേഹിക്കാനും ജീവിതത്തിൽ പരമാവധി നന്മ അനുവർത്തിക്കാനും ഉന്നതമായ ആദർശബോധവും സംസ്കാരവും ഉള്ളവർക്കു മാത്രമേ സാധിക്കുകയുള്ളൂ. അല്ലാത്തവരിൽ നിന്ന് അത്തരം സമീപനവും ജീവിതരീതിയും പ്രതീക്ഷിക്കുന്നത് വെറുതെയാണ്.

ജീവിതകർമങ്ങളെ സംസ്കരിക്കാനാകുന്നത് മേൽ പറഞ്ഞ ഉന്നത സംസ്കാരം ആർജിക്കുമ്പോഴാണ്. അതിന്റെ അടിസ്ഥാനമാകട്ടെ കറകളഞ്ഞ ഏകദൈവ വിശ്വാസമാകുന്നു. ഏക ദൈവം തന്റെ ജീവിതകർമങ്ങൾ വിചാരണ ചെയ്യുമെന്ന ചിന്തയും അതിന്റെ പരിണതിയെ സംബന്ധിച്ച ഭയവുമാണ് കർമങ്ങളെ നന്നാക്കിയെടുക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നത്.

ജീവിതത്തിൽ നന്മ അനുവർത്തിക്കുന്നതിനു പകരം യഥേഷ്ടം ജീവിക്കുകയും ഉന്നത മൂല്യങ്ങളെ നിരാകരിക്കുകയും ചെയ്യുന്നവരാണ് മതത്തിന്റെ അടിസ്ഥാന വിശ്വാസങ്ങളായ ഏക ദൈവത്തെയും പരലോകത്തെയും തള്ളിപ്പറയുകയും നന്മയെ നിരാകരിക്കുകയും ചെയ്യു.

പ്രവാചകൻ(സ)യുടെ പ്രതിയോഗികളെ സംബന്ധിച്ചിടത്തോളം ഈ പ്രസ്താവം അക്ഷരം പ്രതി ശരിയായിരുന്നു. ഒരുഭാഗത്ത് അവർ പ്രവാചകന്റെ അധ്യാപനങ്ങളെ തള്ളിപ്പറഞ്ഞതോടൊപ്പം മറുവശത്ത് പരലോകത്തെ ശക്തിയായി നിഷേധിക്കുകയും ചെയ്തിരുന്നു. അവ രുടെ കർമങ്ങളിലാകട്ടെ ഒരുതരത്തിലുള്ള നന്മയും സ്വാധീനം ചെലുത്തിയിരുന്നില്ല. അതിനാ ലാണ് ഏകദൈവം പ്രവാചകൻ(സ)യെ വിളിച്ചു ഇങ്ങനെ ചോദിച്ചത്: ജീവിതത്തെ സംസ്കരിക്കുകയും അവന് ദൈവികപ്രതിഫലം നേടിക്കൊടുക്കുകയും ചെയ്യുന്ന വിശ്വാസങ്ങളെ തള്ളി ക്കളഞ്ഞ് തന്നിഷ്ടം പ്രവർത്തിക്കുന്നവരെ നീ കണ്ടുവോ?

ദൈവികാദർശങ്ങളിൽ വിശിഷ്യാ പരലോകത്തിൽ വിശ്വസിക്കാത്തവന്റെ ജീവിതകർമങ്ങൾ ഏത് വിധം മോശമായിരിക്കും എന്ന് ചിന്തിക്കാനുള്ള ആഹ്വാനം കൂടി ഈ വചനം ഉൾക്കൊള്ളുന്നുണ്ട്. അഭിസംബോധന പ്രവാചകനാ(സ)ണെങ്കിലും മൊത്തത്തിൽ ജനസാമാന്യം അതിന്റെ അഭിസംബോധിതരാണ്. അവരെല്ലാം അതിൽനിന്ന് പാഠമുൾക്കൊള്ളാനും ജീവിതം സംസ്കരിക്കുവാനും നിയോഗിക്കപ്പെട്ടവരാണല്ലോ. ഈ പ്രഥമ വാക്യത്തെ തുടർന്ന് അവരെ പരിചയപ്പെടുത്തുന്ന സംഗതി ഇതാണ്:

فَذَلِكَ الَّذِي يَدُعُّ الْيَتِيمَ ഫദാലികല്ലദീ യദുഉൽ യതീം

**അനാഥയെ ആട്ടിയകറ്റുന്നവനാണവൻ**

അനാഥർ ദുർബലരും അഗതികളും ദരിദ്രരുമായതോടൊപ്പം അവരുടെ അവശത തീർക്കാതെ അവരെ നിർദയം ആട്ടിയകറ്റുകയും അവരുടെ അവകാശം നിഷേധിക്കുകയും അവരെ മർദ്ദിക്കുകയും കരുണയില്ലാതെ പെരുമാറുകയും അവർ വല്ല സഹായവും ആവശ്യപ്പെട്ടു വന്നാൽ അത് നിർവഹിക്കുയോ നല്ല വാക്ക് പറയുകയോ ചെയ്യാതെ അവരെ പുറംതള്ളുകയത്രെ ആട്ടിയകറ്റുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതാകട്ടെ നേരത്തെ സൂചിപ്പിച്ച സ്വഭാവമുള്ള ആളുകളുടെ സ്വഭാവമാണ്.

മനുഷ്യരിൽ ഏറെ അനുകമ്പ അർഹിക്കുന്ന അവശ വിഭാഗമാണ് അനാഥകൾ. അവരോടുള്ള സമീപനം പോലും ഉത്തമമാകണമെങ്കിൽ മനസ്സിൽ നന്മയെ സ്നേഹിക്കുകയും കർമങ്ങളിൽ മൂല്യങ്ങൾക്ക് മുൻതൂക്കം നല്കുകയും വേണം. അതിനാകട്ടെ, ഉന്നതമായ ആദർശം ജീവിതത്തിൽ ഉണ്ടായിരിക്കണം. അല്ലാത്തപക്ഷം ഇതേ സ്വഭാവരീതിയായിരിക്കും ഏത് കാര്യത്തിലായാലും അത്തരക്കാരിൽനിന്ന് ജനത്തിന് അനുഭവിക്കാനാവുക. അറേബ്യയിലെ മിക്ക ഗോത്രങ്ങളുടെയും അവസ്ഥ ഇതായിരുന്നു.

ഈവക ദുഃസ്വഭാവങ്ങളിൽ ഒട്ടും മനഃസാക്ഷിക്കുത്ത് അനുഭവപ്പെടാത്തവരാണ് അത്തരം ആളുകൾ. കാരണം, നന്മയെ സംബന്ധിച്ച ചിന്ത പോലും ഹൃദയത്തിൽ ഇല്ലാത്തവന് താൻ ചെയ്യുന്ന ഏത് കർമവും വിശിഷ്ടമായിരിക്കുമല്ലോ.

---

وَلَا يَحُضُّ عَلَىٰ طَعَامِ الْمِسْكِينِ വലാ യഹുദ്ദു അലാ ത്വആമിൽ മിസ്കീൻ

അഗതിക്ക് അന്നം കൊടുക്കാൻ പ്രേരിപ്പിക്കാതിരിക്കകയും ചെയ്യുന്ന

---

ഹദ്ദ എന്ന വാക്കിന് സ്വന്തം മനസ്സിനെ നന്മ ചെയ്യാൻ സന്നദ്ധമാക്കുക, മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുക എന്നൊക്കെയാണ് ഉദ്ദേശ്യം. ഇവിടെ ഭാഷാപരമായ ഒരു പ്രശ്നം കൂടിയുണ്ട്. അതായത്, "ത്വആമിൽ മിസ്കീൻ" എന്നത് അഗതിയുടെ ഭക്ഷണം എന്ന അർഥത്തിലാണ് ഉപയോഗിച്ചത്. അഗതിക്ക് ഔദാര്യമായി നല്കുന്ന അന്നം എന്ന അർഥത്തിലുള്ള പ്രയോഗമല്ല അത്. അഗതിയുടെ അവകാശമാണത്. അതിലൂടെ ബോധ്യപ്പെടുത്തുന്നത് അഗതിക്ക് നല്കപ്പെടുന്ന അന്നം വാസ്തവത്തിൽ അവനോട് ചെയ്യുന്ന ഔദാര്യത്തിൻെറ ഭാഗമല്ല, അവന് ലഭിക്കേണ്ട അവകാശം തന്നെയാണ്. കാരണം, ഏകദൈവം ധനാഢ്യൻെറ ധനത്തിൽ അത്തര ക്കാർക്കൊക്കെ അവകാശം നിശ്ചയിച്ചിട്ടുണ്ട്.

രണ്ട് കാര്യങ്ങളാണ് ഇവിടെ എടുത്തോതിയത്. ഒന്ന്, അനാഥയെ ആട്ടിയകറ്റുക. രണ്ട്, അഗതിയുടെ ഭക്ഷണം നല്കാൻ പ്രേരിപ്പിക്കാതിരിക്കുക. ഈ രണ്ട് കൃത്യങ്ങളും അവരുടെ അവകാശമാണ്. അത് തടയുന്നത് ഏറെ നീചകൃത്യവുമാണ്. പരലോകനിഷേധികളായവർക്ക് മാത്രമേ അത് ചെയ്യാൻ സാധിക്കുകയുള്ളൂ. അതുമാത്രമേ അവർ ചെയ്യൂ എന്നും കണക്കാക്കരുത്. ഈ രണ്ട് പാവനകൃത്യവും നിഷേധിക്കുന്നവർക്ക് പിന്നെ ഏത് നീചകൃത്യവും ചെയ്യുക നിഷ്പ്രയാസമായിരിക്കും. അത്തരം സൂചന കൂടി അതിലുണ്ട്.

ഈ ജീവിതത്തിനൊടുവിൽ ഏകദൈവത്തിങ്കലേക്ക് മടങ്ങിപ്പോകേണ്ടതുണ്ടെന്നും തൻെറ കർമങ്ങൾക്ക് പ്രതിഫലമായി അവൻ നിശ്ചയിച്ചിരിക്കുന്ന സ്വർഗമോ നരകമോ ഏറ്റുവാങ്ങേണ്ടതുണ്ടെന്നും വിശ്വസിക്കുന്ന ഒരാൾക്കു മാത്രമേ വസ്തവത്തിൽ ഈ രീതിയിലുള്ള ഉന്നത മൂല്യങ്ങൾ മുറുകെ പിടിക്കാൻ സാധിക്കുകയുള്ളൂ. അത്തരക്കാർക്ക് മാത്രമേ സ്വയം നന്മ ചെയ്യാനും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കാനും സാധിക്കുകയുള്ളൂ, തെറ്റിൽനിന്ന് സ്വയം അകന്നു ജീവിക്കുകയും മറ്റുള്ളവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നതുപോലെതന്നെ.

---

فَوَيْلٌ لِّلْمُصَلِّينَ ഫവൈലുല്ലിൽ മുസ്വല്ലീൻ

എന്നാൽ നമസ്കാരക്കാർക്കാകുന്നു നാശം;

---

ഇതുവരെ സൂചിപ്പിച്ചത് മതത്തെ കളവാക്കിയവരുടെ അവസ്ഥകളെ സംബന്ധിച്ചാണ്. അവരിൽ ഒരിക്കലും നന്മ ഉണ്ടാവുകയില്ല എന്ന കാര്യം വ്യക്തമാക്കുകയുണ്ടായി.

തുടർന്ന് നമസ്കാരക്കാരെ സംബന്ധിച്ചാണ് പറയുന്നത്. നമസ്കാരക്കാർക്കാകുന്നു നാശം എന്നതുകൊണ്ട് ആത്മാർഥതയോടെ നമസ്കാരം നിർവഹിക്കുന്ന ആളുകളെയല്ല ഉദ്ദേശിക്കുന്നത്. മുസ്ലിംകളുടെ കൂട്ടത്തിലുണ്ടായിരുന്ന കപടവിശ്വാസികളാണ് ഉദ്ദേശ്യം. തുടർന്നുള്ള വചനങ്ങൾ അക്കാര്യമാണ് വ്യക്തമാക്കുന്നത്.

*വൈലുൻ* എന്ന വാക്കിന് നാശം എന്നാണ് ഭാഷാർഥം. ഒരുകാര്യം അനിഷ്ടകരമായ അവസ്ഥയിൽ എത്തുമ്പോഴുള്ള ഘട്ടത്തെയയാണ് ഈ പദം സൂചിപ്പിക്കുന്നത്. അതായത്, നമസ്കാരം എന്നത് മഹത്വമേറിയ ഒരു കർമമാകുന്നു. പക്ഷേ, അതിനോടുള്ള സമീപനവും അനുഷ്ഠാനരീതിയും കാണുമ്പോൾ വ്യക്തമാകും, അവർക്ക് ആ കർമത്തോട് ഒട്ടും ആഭിമുഖ്യമില്ലെന്ന്. അതത്രെ നാശം എന്ന ദൈവിക പ്രതികരണത്തിന് നിദാനം. തുടർന്നു വരുന്ന വചനത്തിൽ അക്കാര്യം വ്യക്തമാകും.

---

الَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ അല്ലദീനഹും അൻ സ്വലാതിഹിം സാഹൂൻ

അവർ തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അശ്രദ്ധരാകുന്നു.

---

(അൻസ്വലാതിഹിം) എന്നാണ് മൂലവചനം. അവരുടെ നമസ്കാരത്തെക്കുറിച്ച് എന്നാണ് അർഥം. സ്രഷ്ടാവിന് അവകാശപ്പെട്ട ഒരു കർമത്തോട് മൊത്തത്തിൽ അവർക്കുള്ള സമീപനമാണ് സൂചിപ്പിക്കുന്നത്. അവർ അതിനെ സംബന്ധിച്ച് തീർത്തും അശ്രദ്ധരാണ്.

നമസ്കാരത്തിൽ ചൊല്ലുന്നതിനെ സംബന്ധിച്ചോ അതിന്റെ ആശയങ്ങളുടെ ഗൗരവത്തെ സംബന്ധിച്ചോ ഉള്ള അശ്രദ്ധയല്ല ഇത്. മറിച്ച്, അലസതയും ദേഹേഛയും മുറുകെ പിടിച്ചു കൊണ്ടുള്ള നയത്തെയാണ് എടുത്തുകാണിക്കുന്നത്. അത്തക്കാർ ചിലപ്പോൾ നമസ്കാരം അനുഷ്ഠിക്കും, ചിലപ്പോൾ വീഴ്ചവരുത്തും. ചിലപ്പോൾ കൃത്യ സമയം പാലിച്ചു നിർവഹിക്കും. ചില പ്പോൾ അലക്ഷ്യമായി പിന്തിക്കും. ചില ഘട്ടങ്ങളിൽ ഒട്ടും വൈമനസ്യമില്ലാതെ ഉപേക്ഷിക്കുകയും ചെയ്യും.

അവസാനം സൂചിപ്പിച്ച രണ്ടും ഗുരുതരമായ കുറ്റങ്ങളാണ്. കാരണങ്ങളില്ലാതെ നമസ്കാരം പിന്തിക്കുകയെന്നത് ആത്മാർഥതയുള്ള വിശ്വാസികളുടെ ലക്ഷണമല്ല. യദൃഛയാ ഉണ്ടാകുന്ന കാരണങ്ങൾക്ക് ഇളവുകളുണ്ട്. എന്നാൽ നമസ്കാരം അതിന്റെ സമയത്ത് നിർവഹിക്കുക യെന്നത് അത് ഏറെ ഗൗരവമുള്ള ഒരു ആരാധനയായതിനാലാണ്. അഥവാ, നമസ്കാരത്തോട് ഗൗരവം തോന്നണമെങ്കിൽ അത് യഥാസമയം നിർവഹിക്കപ്പെടുക തന്നെ വേണം. അതിനാണല്ലോ ബാങ്ക് വിളിക്കുന്നത്. അത് ആ രീതിയിൽ തന്നെ ഉൾക്കൊള്ളുക തന്നെ വേണം. അതിനാലാണ് *സമയബന്ധിത നിർബന്ധബാധ്യതയെന്ന്* നമസ്കാരത്തെക്കുറിച്ച് പറയാൻ കാരണം.

നമസ്കാരത്തെ സംബന്ധിച്ച അശ്രദ്ധയെ പറ്റി ചോദിച്ചതിന് സമയത്ത് നിർവഹിക്കാതിരിക്കുകയും സമയം കഴിഞ്ഞശേഷം അലസമായി നിർവഹിക്കുകയുമാണത് എന്ന് നബി(സ) വെളിപ്പെടുത്തുകയുണ്ടായി..

നമസ്കാരം ഉപേക്ഷിക്കുന്നതാകട്ടെ, വിശ്വാസിയുടെയും അവിശ്വാസിയുടെയുമിടയിൽ തിരിച്ചറിയലിനുള്ള ഉപാധിയായി കണക്കാക്കപ്പെട്ടിരിക്കുന്നു. അടിമക്ക് തന്റെ സ്രഷ്ടാവിനോടുള്ള വിധേയത്വവും അടിമത്വവും പ്രകടിപ്പിക്കാൻ നിശ്ചയിക്കപ്പെട്ടതും നമസ്കാരമാകുന്നു. അതെ സംബന്ധിച്ചാണ് ആദ്യമായി അല്ലാഹു ചോദ്യം ചെയ്യുക. അത് നിർവഹിക്കാതിരിക്കുകയെന്ന തിനർഥം താൻ നിഷേധിയാണെന്ന് കർമണാ പ്രഖ്യാപിക്കുകയാണ്.

ഏതായാലും കപടന്മാരെ സംബന്ധിച്ചിടത്തോളം ഇതെല്ലാം വളരെ ലാഘവമുള്ള കാര്യമായിരുന്നു. ഇനി അവരത് അനുഷ്ഠിക്കുകയാണെങ്കിൽതന്നെ അലസരായി ഭാരിച്ച കൃത്യം ചെയ്തു തീർക്കുകയെന്ന ഭാവത്തിലായിരിക്കും അവരത് ചെയ്യുക. അക്കാര്യം ഖുർആൻ 4-ാം അധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

*"ഈ കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിച്ചുകൊണ്ടിരിക്കുകയാകുന്നു. എന്നാൽ അല്ലാഹു അവരെ സ്വയം വഞ്ചനയിലകപ്പെടുത്തിയതാകുന്നു. നമസ്കാരത്തിനായി നില്ക്കുമ്പോൾ അവർ അലസരായി, ജനത്തെ കാണിക്കാൻ വേണ്ടി മാത്രമാകുന്നു നില്ക്കുന്നത്. അവർ വിരളമായേ അല്ലാഹുവിനെ സ്മരിക്കുന്നുള്ളൂ."* (4: 142)

ഈ സമീപനം വാസ്തവത്തിൽ ആത്മാർഥമല്ല. അതിനാൽ തന്നെ നമസ്കാരം കൊണ്ട് എന്തെല്ലാം ഭൗതികഫലങ്ങൾ ഒരു നമസ്കാരക്കാരന്റെ ജീവിതത്തിൽ ഉണ്ടാകണമെന്ന് ഉദ്ദേശിക്കപ്പെട്ടുവോ അതൊന്നും അയാളുടെ ജീവിതത്തിൽ ഇല്ലാതെ പോകുന്നു. ഏത് ആരാധനയായാലും അതുമുഖേന ആത്മീയമായ ഉന്നതിയും ദൈവിക പൊരുത്തവും ലഭിക്കണമെങ്കിൽ അതിനോട് സ്വീകരിക്കുന്ന സമീപനരീതിയായിരിക്കും അതിന് മാനദണ്ഡമാവുക. നമസ്കാരം എന്താണെന്നോ എന്തിനെന്നോ ഉള്ള ബോധവും ഗൗരവവും ഇല്ലാത്ത ആളുകളെ സംബന്ധിച്ചേടത്തോളം മറ്റെല്ലാ കർമങ്ങളുടെയും നേരെ അവർ സ്വീകരിക്കുന്ന സമീപനം ഇതുതന്നെയായിരിക്കും. ഇതത്രെ പരലോകനിഷേധത്തിന്റെ പ്രഥമ ലക്ഷണം. അവിടത്തെ രക്ഷാ-ശിക്ഷകളെ സംബന്ധിച്ച് ബോധവും വിശ്വാസവുമില്ലെങ്കിൽ പിന്നെ ഈ കൃത്യങ്ങൾക്കൊന്നും ജീവിതത്തിൽ വലിയ കണിശതയും മമതയും ഉണ്ടാവുകയില്ല.

---

الَّذِينَ هُمْ يُرَاؤُونَ അല്ലദീനഹും യുറഊൻ

ജനങ്ങളെ കാണിക്കാൻ വേണ്ടിയാണ് അവരത് ചെയ്യുന്നത്.

---

ഈ വചനത്തിന് രണ്ടുവിധത്തിൽ ആശയമാകാവുന്നതാണ്. ചില ജനങ്ങളുണ്ട്. അവർ വല്ലതും ചെയ്യുന്നെങ്കിൽ അത് ജനങ്ങൾ കാണുന്നതിനു വേണ്ടിയായിരിക്കും. അതിന്റെ പേരിൽ അവർ അയാളെ പ്രശംസിക്കുകയും പുകഴ്ത്തുകയും വേണം. അതാണയാൾ ആഗ്രഹിക്കുന്നത്. അത്തരക്കാരുടെ കർമങ്ങളൊട്ടും തന്നെ ആത്മാർഥതയില്ലാത്തതായിരിക്കും. ഇതത്രെ ഒരാശയം.

രണ്ടാമത്തേത്, ഈ അധ്യായത്തിൽ ഇതുവരെ സൂചിപ്പിച്ച കാര്യങ്ങളുടെ തുടർച്ചയായി സൂചിപ്പിച്ചുകൊണ്ട് പറയുന്ന കാര്യങ്ങളാണ്. അതായത്, അത്തരം കപടവിശ്വാസികൾ നമസ്ക

രിക്കുന്നത് ജനങ്ങളെ കാണിക്കാനും ബോധ്യപ്പെടുത്താനും വേണ്ടിയാണ്. അവർ ആളുക ളുടെ സാന്നിധ്യത്തിൽ നമസ്കരിക്കുകയും തനിച്ചായാൽ അത് വെടിയുകയും ചെയ്യും. അതത്രെ കപടവിശ്വാസികളുടെ സ്വഭാവം. അവർ നമസ്കാരം നിർവഹിച്ചാൽ അതിൽനിന്ന് ആത്മീയഗു ണങ്ങളൊന്നും അവർക്ക് ലഭിക്കില്ല. കാരണം, അതിൻെറ പവിത്രതയോടും ആത്മാർഥതയോ ടും കൂടിയല്ല അത് നിർവഹിച്ചത്. ഇനി അവരത് നിർവഹിക്കാതെ ഉപേക്ഷിച്ചാലോ അതിൻെറ പേരിൽ അവർക്ക് തീരെ ഭയവും ഉണ്ടാവുകയില്ല. കാരണം, അവരത് നേരത്തെ തന്നെ നിർ വഹിക്കാൻ ഉദ്ദേശിച്ചവരല്ല, ജനം കണ്ടപ്പോൾ അത് ചെയ്തു എന്നു മാത്രം.

"രിയാഅ്" എന്ന അറബിപദം കൊണ്ട് കാണിക്കുക, കാണിക്കൽ എന്നൊക്കെയാണ് ഉദ്ദേശിക്കുന്നത്. ഇത് ആത്മാർഥതയുടെ നേർവിപരീതമാണ്. സ്രഷ്ടാവിനു വേണ്ടി ഒരു കർമം ചെയ്യുമ്പോൾ അതിൽ മറ്റുള്ളവരുടെ മനോഗതങ്ങളെയും അഭിപ്രായങ്ങളെയും അഭിരുചിക ളെയും അല്ല പരിഗണിക്കേണ്ടത്, അവരുടെ പ്രശംസയും പരിഗണനയുമല്ല പ്രതീക്ഷിക്കേണ്ടത്. ആർക്കുവേണ്ടി കർമം ചെയ്യുന്നുവോ ആ ഭാഗത്തുനിന്നുള്ള പ്രശംസയിലും പുകഴ്ത്തലിലുമാണ് പ്രതീക്ഷയർപ്പിക്കേണ്ടത്.

ജനത്തെ കാണിക്കാനുള്ള കർമങ്ങളിൽ ഏകദൈവമെന്ന ചിന്തയും ആത്മാർഥതയും നഷ്ടമാകയാൽ ദൈവം അത് സ്വീകരിക്കുകയില്ല. അതിനാലാണ് തൻെറ കർമത്തിൻെറ ഉദ്ദേശ്യം ദൈവത്തിൻെറ പ്രീതി മാത്രം ലക്ഷ്യമാക്കി കർമം ചെയ്യണമെന്ന് പറയുന്നത്. ജനത്തെ കാണിക്കാനായി കർമം ചെയ്യുന്നവർക്കായി നരകത്തിൽ ഒരു പ്രത്യേക സ്ഥലം ഒരുക്കി വെച്ചതായി ഹദീഥുകളിൽ കാണാൻ കാണാം.

---

وَيَمْنَعُونَ الْمَاعُونَ വയംനഊനൽ മാഊൻ

(പരോപകാര വസ്തുക്കൾ മുടക്കുന്നവരുമാണവർ)

---

"മാഊൻ" എന്ന പദം കൊണ്ട് പൊതുവായുള്ള ആവശ്യവസ്തുക്കളാണ് ഉദ്ദേശിക്കുന്നത്. വിറക്, തീ, വെള്ളം തുടങ്ങി നിത്യജീവിതത്തിൽ നമുക്ക് നിസ്സാരമെന്നു തോന്നുന്ന, ജനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും കടം വാങ്ങുന്ന വസ്തുക്കളെയാണ് ഉദ്ദേശിക്കുന്നത്. സകാത്താണ് അതുകൊണ്ട് ഉദ്ദേശ്യമെന്ന് അഭിപ്രായപ്പെട്ട ഖുർആൻ വ്യാഖ്യാതാക്കളും ഉണ്ട്. ആദ്യത്തെ അഭ ിപ്രായമാണ് കൂടുതൽ പ്രബലം.

ജനങ്ങൾക്ക് താല്ക്കാലികമായോ കുറച്ചുനേരത്തേക്കോ നാളത്തേക്കോ മാത്രം പരിമിതമായ ഈ ചെറുഉപകാരങ്ങൾ നിഷേധിക്കുന്നത് ധാർമികമായി ഒട്ടും വളർന്നിട്ടില്ലാത്ത വഷളന്മാരായ ആളുകൾ മാത്രമായിരിക്കും. അത്തരം ആളുകളായിരിക്കും തന്നിൽനിന്ന് മറ്റുള്ളവർക്ക് ഒരു പ്രയോജനവും കിട്ടരുത് എന്ന് ചിന്തിക്കുകയും അത് തടയുകയും ചെയ്യുക.

ജനങ്ങളുമായുള്ള സാമൂഹികബന്ധങ്ങൾ നന്നാക്കുക മാത്രമല്ല ഇത്തരം പൊതുമര്യാദ കളും സഹായങ്ങളും ചെയ്യുക. പ്രത്യക്ഷത്തിൽ അതിൻെറ സാമൂഹികവശം അതാണല്ലോ. ജന ങ്ങൾക്ക് ഉപകാരം ചെയ്യുന്നവനാണ് അവരിൽ ഉത്തമൻ എന്നാണ് സങ്കല്പം. എന്നാൽ അത് ദൈവത്തിങ്കൽനിന്ന് വളരെ വലിയ പ്രതിഫലം ലഭിക്കുന്ന കാര്യം കൂടിയാണ്; അവൻെറ പ്രീതി കാംക്ഷിച്ചുകൊണ്ട് ചെയ്യുമ്പോൾ.

ജനത്തിന് ഉപകാരം ചെയ്യുക വഴി കരസ്ഥമാക്കുന്നത് വലിയ നന്മയാണ്. ആ നന്മ ചെയ്യു ന്ന ആളെ അത് സന്തോഷിപ്പിക്കുന്നു. അയാളുടെ മനസ്സും ചിന്തയും മാനുഷികപ്രതിപത്തിയും വിശാലമാകുന്നു. ജനം അയാളെ അംഗീകരിക്കുന്നു. ജനം ആരെ ഇഷ്ടപ്പെടുന്നുവോ സ്രഷ്ടാ വും അവരെ ഇഷ്ടപ്പെടുന്നു. പക്ഷേ, നേരത്തെ പറഞ്ഞ പ്രകടനവാഞ്ഛ ഉണ്ടാകുന്നത് സൂക്ഷി ക്കണം.

ജനത്തിന് ചെറിയ ഉപകാരങ്ങൾ പോലും തടയുന്നവൻ അടഞ്ഞ മനസ്സുമായി ജനങ്ങളുടെ ശാപത്തിന് വിധേയനായി ജീവിക്കുകയാണ് ചെയ്യുക. ജനം അത്തരക്കാരെ വെറുക്കുന്നതിനാൽ ദൈവവും അയാളെ വെറുക്കുകയാണ് ചെയ്യുക.

പ്രവാചകൻെറ അഭിസംബോധിതരായ കപടവിശ്വാസികൾ ഇത്തരം ധാർമികാധഃപതനത്തി ലാണ് ജീവിച്ചിരുന്നത്. സകാത്ത് മാത്രമല്ല, ദാനധർമങ്ങളും ജനത്തിന് ഉപകാരപ്പെടുന്ന വസ്തു ക്കളും ദാനമായോ കടമായോ നല്കുന്നതുപോലും അവർ വിലക്കിയിരുന്നു. എന്നാൽ വിശ്വാ സിയുടെ കാര്യം ഇതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. അവനെ തൻെറ സഹോദരൻ അഭി വാദ്യം ചെയ്താൽ അതിലും ഉത്തമമായ രീതിയിൽ പ്രത്യഭിവാദ്യം ചെയ്യും. ജനങ്ങൾക്കുള്ള ചെ റിയ ഉപകാരങ്ങൾ അവർ തടയുകയുമില്ല. ഇതത്രെ വിശ്വാസത്തിൻെറ തേട്ടം.